**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3941** **03-03-2023 - ൽ മറുപടിയ്ക്ക്**

**പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ചികിത്സാ സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എ. രാജ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബി.പി.എൽ., എ.പി.എൽ. വ്യത്യാസമില്ലാതെ പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന ചികിത്സാ സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ചികിത്സ സഹായം അനുവദിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാണോ; | (എ) | ആവിഷ്കരിച്ചിട്ടുണ്ട്. 01.11.2022 മുതൽ ആരോഗ്യ കിരണം പദ്ധതി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കി വരുന്നു. 8884 പേർക്ക് ദേശീയ ആരോഗ്യ ദൗത്യം വഴിയും 4,54,200 പേർക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് വഴിയും, 01.11.2022 തീയതി മുതൽ ആരോഗ്യ കിരണം പദ്ധതി പ്രകാരം 9917 പേർക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയും സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് ഏതൊക്കെ അസുഖങ്ങൾക്ക് ഏതൊക്കെ ആശുപത്രികളിലാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നത്; പദ്ധതി നടപ്പാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രധാനപ്പെട്ട 30 അസുഖങ്ങൾക്ക് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ വഴിയും, മെഡിക്കൽ കോളേജ് ആശുപത്രികൾ വഴിയും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വലിയ ചെലവേറിയ വിവിധങ്ങളായ ചികിത്സാ സേവനങ്ങൾ (വളർച്ച ഹോർമോൺ/ കേൾവി സഹായികൾ/ ഹീമോഫീലിയ കുട്ടികളുടെ ഫാക്ടർ പ്രോഫിലാക്സിസ് എന്നിവ) 'RBSK' പദ്ധതി വഴി സൗജന്യമായി ലഭ്യമാണ്.<br><br>ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് 'ഹൃദ്യം' പദ്ധതി വഴി സേവനം ലഭ്യമാണ്. ജന്മനാലുള്ള ഹൃദ്രോഗം അഥവാ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എസ്.എ.റ്റി (ശ്രീ അവിട്ടം തിരുനാൾ ആശുപത്രി) തിരുവനന്തപുരം, മെഡിക്കൽ കോളേജ്, കോട്ടയം, മെഡിക്കൽ കോളേജ്, കോഴിക്കോട് ആശുപത്രി വഴിയും ഹൃദ്യം പദ്ധതി നടന്നു വരുന്നു. ഹൃദ്യം പദ്ധതിയ്ക്കായി സ്വകാര്യ ആശുപത്രികളായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കൊച്ചി, ആസ്റ്റർ മെഡിസിറ്റി കൊച്ചി, ലിസ്സി ഹോസ്പിറ്റൽ എറണാകുളം, ബലീവേഴ്സ് ചർച്ച് ആശുപത്രി, |

| | | | |
|---|---|---|---|
| | | | തിരുവല്ല, മിംമ്സ് ആശുപത്രി കോഴിക്കോട് എന്നീ ആശുപത്രികളെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയ്ക്ക് മാത്രമായി ആർ ബി എസ് കെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് എംപാനൽ ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ചുമതലയിൽ ആരോഗ്യ കിരണം പദ്ധതി പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ബി.എസ്.കെ പരിധിയിൽ ഉൾപ്പെടുന്ന 30 ആരോഗ്യ അവസ്ഥകൾ ഒഴികെയുള്ള മറ്റെല്ലാ അസുഖങ്ങൾക്കും സർക്കാർ ആശുപത്രികളിൽ നിന്ന് സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകളിൽ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് താലോലം, ഹൃദ്യം, മിഠായി പദ്ധതി, കാൻസർ സുരക്ഷാ എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ